# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2962 — 11/12/2014 ൽ മറുപടിക്ക്

## ഓപ്പൺ സ്കൂളിലെ ഒന്നാംവർഷ ഹയർസെക്കൻഡറി രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, പുരുഷൻ കടലുണ്ടി<br>,, വി.ചെന്താമരാക്ഷൻ<br>,, ആർ. രാജേഷ് | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഓപ്പൺ സ്കൂളിൽ ഒന്നാംവർഷം ഹയർ സെക്കൻഡറി രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്നാണ് കരുതുന്നത്; | എ) ഓപ്പൺ സ്കൂൾ ഒന്നാം വർഷ ഹയർ സെക്കന്ററി രജിസ്ട്രേഷൻ പൂർത്തിയായി കഴിഞ്ഞു. |
| ബി) ഒരു അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്ക് എത്ര കോൺടാക്റ്റ് ക്ലാസ്സുകൾ നൽകാറുണ്ട്; പ്രസ്തുത ബാച്ചിന് ഈ വർഷം ഇനി എത്ര ക്ലാസ്സുകൾ നൽകാൻ കഴിയുമെന്നാണ് കരുതുന്നത്; | ബി) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഓപ്പൺ റഗുലർ വിദ്യാർത്ഥികൾക്ക് മാത്രമാണ് കോൺടാക്ട് ക്ലാസ്സുകൾ നൽകി വരുന്നത്. ഒരു വർഷം ഒരു വിഷയത്തിന് 30 മണിക്കൂർ കോൺടാക്റ്റ് ക്ലാസ്സുകൾ നൽകുന്നുണ്ട്. ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും അവധി ദിവസങ്ങളിലുമാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ഇനി 25 മണിക്കൂർ ക്ലാസ്സുകൾ കൂടി നൽകാനുണ്ട്. |
| സി) പഠന സഹായികളും മറ്റു സാമഗ്രികളും തയ്യാറാക്കുന്നത് നിലവിൽ ഏതു ഘട്ടത്തിലാണ്; ഈ പ്രവർത്തനങ്ങൾക്ക് പരിചയസമ്പന്നരായ ഉദ്യോഗസ്ഥന്മാരുടെ അഭാവം അനുഭവപ്പെടുന്നുണ്ടോ; | സി) പാഠ്യപദ്ധതി പരിഷ്കരിച്ച വിഷയങ്ങളുടെ പാഠപുസ്തകം പ്രസിദ്ധീകരിച്ച ഉടൻ തന്നെ പഠന സഹായി തയ്യാറാക്കുന്നതിനുള്ള ജോലികൾ ആരംഭിക്കും. ഈ വർഷം പരിഷ്കരിച്ച വിഷയങ്ങളുടെ പഠന സഹായികളുടെ ഒന്നാം ഭാഗത്തിന്റെ ശില്പശാലകൾ പൂർത്തിയായിക്കഴിഞ്ഞു. പരിഷ്കരിച്ച വിഷയങ്ങളുടെയും മാറ്റമില്ലാത്ത വിഷയങ്ങളുടെയും പഠന സഹായികളുടെ പ്രിന്റിംഗ് |

പൂർത്തിയായിവരുന്നു.

പഠനസഹായികൾ തയ്യാറാക്കുന്നതിന് പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരുടെ അഭാവം അനുഭവപ്പെട്ടിട്ടില്ല.

| | | |
|---|---|---|
| ഡി) | സ്വകാര്യ സ്കൂളുകളുടെ ചൂഷണം ഭയന്ന് ഓപ്പൺ സ്കൂളുകളെ ആശ്രയിച്ച് പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാകുമോ; ഓപ്പൺ സ്കൂൾ പ്രവർത്തനം ശക്തമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | ഡി) ഓപ്പൺ സ്കൂൾ വിദ്യാർത്ഥികളുടെ ഭാവി ഒരുതരത്തിലും അനിശ്ചിതത്വത്തിലാകില്ല. ഓപ്പൺ സ്കൂളിന്റെ പ്രവർത്തനം ശക്തമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ ഒരു സ്വതന്ത്ര സ്ഥാപന (സ്കോൾ-കേരള) മാക്കി മാറ്റാനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ